ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 10.03.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. സ്പീക്കർ ഓം ബിർളയെ നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷം കൊണ്ടുവന്ന പ്രമേയത്തിൽ ലോക്സഭയിൽ ചർച്ച പുരോഗമിക്കുന്നു. നടപടികൾ പൂർത്തിയാക്കി രാജ്യസഭ ഇന്നത്തേക്ക് പിരിഞ്ഞു.

   **The Lok Sabha has taken up the discussion on the resolution seeking removal of Speaker Om Birla. After completing its proceedings, the Rajya Sabha adjourned for the day.**

2. ജൽ ജീവൻ മിഷൻ 2028 ഡിസംബർ വരെ നീട്ടുന്നതിന് കേന്ദ്ര മന്ത്രിസഭ യോഗത്തിൻറെ അംഗീകാരം. സുജലം ഭാരത് ഏകീകൃത ദേശീയ ഡിജിറ്റൽ ചട്ടക്കൂട് സ്ഥാപിക്കാനും തീരുമാനം.

   **The Union Cabinet chaired by Prime Minister Narendra Modi today approved extension of Jal Jeevan Mission up to December 2028.**

3. പ്രധാനമന്ത്രി നരേന്ദ്ര മോദി ഒരു ദിവസത്തെ സന്ദർശനത്തിനായി നാളെ കേരളത്തിലെത്തും. എറണാകുളത്ത് 10,800 കോടി രൂപയുടെ വികസനപദ്ധതികൾക്ക് തുടക്കം കുറിക്കും.

Prime Minister Narendra Modi will arrive in Keralam tomorrow on a one-day visit. He will launch development projects worth ₹10,800 crore in Ernakulam.

4. രാജ്യത്തെ ഗാർഹിക ഉപഭോക്താക്കൾക്കും മറ്റ് അവശ്യ മേഖലകൾക്കും എൽപിജി ഉറപ്പാക്കാൻ നടപടികൾ സ്വീകരിച്ചതായി പൊതുമേഖല എണ്ണക്കമ്പനികൾ.

   Public sector oil companies said that steps have been taken to ensure LPG supply for domestic consumers and other essential sectors in the country.

5. അതിദാരിദ്ര്യ നിർമ്മാർജനാനന്തര പദ്ധതിയുടെ വിശദ മാർഗ്ഗരേഖയ്ക്ക് സംസ്ഥാന മന്ത്രിസഭായോഗത്തിൻറെ അംഗീകാരം. കേരള സ്റ്റേറ്റ് നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ രൂപീകരിക്കാനും തീരുമാനം.

   The State Cabinet has approved the detailed guidelines for the post–extreme poverty eradication project. A decision has also been taken to form the Kerala State Narcotic Control Bureau.

6. ടി-20 പുരുഷ ലോകകപ്പ് ജേതാക്കളായ ഇന്ത്യൻ ടീമിന് 131 കോടി രൂപ പാരിതോഷികം പ്രഖ്യാപിച്ച് ബിസിസിഐ.

   The Board of Control for Cricket (BCCI) has announced a cash reward of 131 crore rupees for the Indian squad that won the ICC Men's T20 World Cup title.

## LS-RESOLUTION(INTRO)

സ്പീക്കർ ഓം ബിർളയെ നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷം കൊണ്ടുവന്ന പ്രമേയത്തിൽ ലോക്സഭയിൽ ചർച്ച പുരോഗമിക്കുന്നു. പ്രതിപക്ഷ നേതാവിനെയും മറ്റ് പ്രതിപക്ഷ

അംഗങ്ങളേയും സഭയിൽ സംസാരിക്കാൻ സ്പീക്കർ അനുവദിച്ചില്ലെന്ന് പ്രമേയം അവതരിപ്പിച്ചു കൊണ്ട് കോൺഗ്രസ് എം പി മുഹമ്മദ് ജാവേത് പറഞ്ഞു. എന്നാൽ സ്പീക്കർ നിഷ്പക്ഷനാണെന്ന് ചർച്ചയിൽ പങ്കെടുത്തു കൊണ്ട് പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു വ്യക്തമാക്കി.

(voice)

പ്രമേയം ചർച്ച ചെയ്യാൻ പത്ത് മണിക്കൂർ സമയമാണ് അനുവദിച്ചിരിക്കുന്നത്.

വിവിധ വിഷയങ്ങൾ ഉന്നയിച്ചുള്ള പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് ലോക്സഭ ഇന്നും പ്രക്ഷുബ്ധമായിരുന്നു. രാജ്യസഭ ഇന്നത്തേക്ക് പിരിഞ്ഞു.

## NADDA-DRUGS

നിർണ്ണായക ഔഷധ ചേരുവകളുടെ ഇറക്കുമതി കുറയ്ക്കുന്നതിനും ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമായി നടപ്പിലാക്കിയ പദ്ധതികൾ വൻ വിജയമെന്ന് കേന്ദ്ര ആരോഗ്യ മന്ത്രി ജെ.പി.നഡ്ഡ.

ഈ പദ്ധതികൾ വഴി ഇതുവരെ ഒരു ലക്ഷത്തി പന്ത്രണ്ടായിരത്തിലധികം പേർക്ക് തൊഴിൽ ലഭിച്ചതായും അദ്ദേഹം രാജ്യസഭയിൽ അറിയിച്ചു. 2029-ഓടെ മരുന്ന് നിർമ്മാണത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കളുടെ കാര്യത്തിൽ ഇന്ത്യ പൂർണ്ണമായും സ്വയംപര്യാപ്തത കൈവരിക്കുമെന്നും ശ്രീ.നഡ്ഡ വ്യക്തമാക്കി.

## CABINET(intro)

ജൽ ജീവൻ മിഷൻ 2028 ഡിസംബർ വരെ നീട്ടുന്നതിന് കേന്ദ്ര മന്ത്രിസഭ യോഗം അംഗീകാരം നൽകി. ജൽ ജീവൻ മിഷന്റെ പുനർനിർമ്മാണത്തിനും പദ്ധതിയുടെ പ്രവർത്തനം അടിസ്ഥാന സൗകര്യ സൃഷ്ടിയിൽ നിന്ന് സേവന വിതരണത്തിലേക്ക് പുനഃക്രമീകരിക്കുന്നതിനുമാണ് കാലാവധി നീട്ടിയതെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

(വോയിസ്)

ഉറവിടത്തിൽ നിന്ന് പൈപ്പിലേക്കുള്ള സമ്പൂർണ്ണ കുടിവെള്ള വിതരണ സംവിധാനത്തെ ഡിജിറ്റലായി മാപ്പ് ചെയ്യുന്നതിന് "സുജലം ഭാരത്" എന്ന ഏകീകൃത ദേശീയ ഡിജിറ്റൽ ചട്ടക്കൂട് സ്ഥാപിക്കും. തമിഴ്നാട്ടിലെ മധുര വിമാനത്താവളത്തെ അന്താരാഷ്ട്ര വിമാനത്താവളമായി പ്രഖ്യാപിക്കുന്നതിനും മന്ത്രിസഭ അംഗീകാരം നൽകി. റെയിൽവേ മന്ത്രാലയത്തിൻറെ 4,474 കോടി രൂപയുടെ രണ്ട് പദ്ധതികൾക്കും സാമ്പത്തിക കാര്യ മന്ത്രിസഭാ സമിതി അനുമതി നൽകി.

## RAILWAYS-PROJECT

അടിസ്ഥാന സൗകര്യങ്ങളും സാങ്കേതികവിദ്യയും മെച്ചപ്പെടുത്താൻ 765 കോടി രൂപയുടെ പദ്ധതികൾക്ക് ഇന്ത്യൻ റെയിൽവേ അംഗീകാരം നൽകി. ഈസ്റ്റ് കോസ്റ്റ്, സൗത്ത് സെൻട്രൽ, വെസ്റ്റേൺ റെയിൽവേ സോണുകളിലാണ് പ്രധാനമായും നവീകരണം നടക്കുക.

വൈദ്യുതീകരണ നവീകരണ പ്രവർത്തനങ്ങൾക്ക് പുറമെ ട്രെയിൻ കൂട്ടിയിടി ഒഴിവാക്കുന്ന 'കവച്' സാങ്കേതികവിദ്യയ്ക്ക് കരുത്തേകാനുള്ള പദ്ധതിക്കും റെയിൽവേ അംഗീകാരം നൽകി.

## PM -KERALA

പ്രധാനമന്ത്രി നരേന്ദ്ര മോദി ഒരു ദിവസത്തെ സന്ദർശനത്തിനായി നാളെ കേരളത്തിലെത്തും. എറണാകുളത്ത് 10,800 കോടി രൂപയുടെ വികസനപദ്ധതികൾക്ക് അദ്ദേഹം തുടക്കം കുറിക്കും. ബിപിസിഎൽ കൊച്ചി എണ്ണശുദ്ധീകരണശാലയിലെ 5,500 കോടി രൂപയുടെ പോളിപ്രൊപ്പിലീൻ യൂണിറ്റിനു പ്രധാനമന്ത്രി തറക്കല്ലിടും. തലപ്പാടി-ചെങ്കള ആറുവരിപ്പാത, വെങ്ങളം-രാമനാട്ടുകര ആറുവരി ബൈപ്പാസ് പാത എന്നീ രണ്ടു പ്രധാന ദേശീയ പാത പദ്ധതികൾ അദ്ദേഹം ഉദ്ഘാടനം ചെയ്യും. പ്രധാൻമന്ത്രി ഗ്രാം സഡക് യോജന പ്രകാരം നിർമിച്ച

23 ഗ്രാമീണ റോഡുകളുടെ ഉദ്ഘാടനവും നിർവഹിക്കും. ധീവരസഭയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളും അദ്ദേഹം ഉദ്ഘാടനം ചെയ്യും. ബി.ജെ.പി സംഘടിപ്പിക്കുന്ന 'വികസിത കേരളം മോദിക്കൊപ്പം' പരിപാടിയെയും പ്രധാനമന്ത്രി അഭിസംബോധന ചെയ്യും. കേരള സന്ദർശനം പൂർത്തിയാക്കി അദ്ദേഹം തമിഴ്നാട്ടിലേക്ക് പോകും. പ്രധാനമന്ത്രിയുടെ സന്ദർശനത്തോടനുബന്ധിച്ച്

കൊച്ചി നഗരത്തിൽ നാളെ രാവിലെ 10 മുതൽ ഉച്ചയ്ക്ക് 3.30 വരെ ഗതാഗത ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്.

**GAZETTE-NATURAL GAS**

പശ്ചിമേഷ്യയിലെ നിലവിലുള്ള സാഹചര്യം കണക്കിലെടുത്ത്, ആഭ്യന്തര വിതരണം, ഗതാഗതത്തിനായുള്ള സിഎൻജി, തുടങ്ങിയ മേഖലകൾക്ക് പ്രകൃതിവാതക ലഭ്യതയിൽ മുൻഗണന നൽകണമെന്ന് കേന്ദ്ര സർക്കാർ. വളം പ്ലാൻറുകൾക്ക് കഴിഞ്ഞ ആറ് മാസത്തെ ശരാശരി ഗ്യാസ് ഉപഭോഗത്തിൻറെ 70 ശതമാനവും, തേയില വ്യവസായം, നിർമ്മാണം, മറ്റ് വ്യാവസായിക ഉപഭോക്താക്കൾ എന്നിവയ്ക്ക് 80 ശതമാനവും പ്രകൃതിവാതക ലഭ്യത ഉറപ്പാക്കണം. പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും ഒഴിവാക്കാൻ സിലിണ്ടർ ബുക്കിങ്ങുകൾക്കിടയിൽ 25 ദിവസത്തെ ഇടവേള ഏർപ്പെടുത്തിയിട്ടുണ്ടെന്നും ഉത്തരവിൽ പറയുന്നു.

**INDIAN OIL-LPG SUPPLY**

ഗാർഹിക ഉപഭോക്താക്കൾക്കും ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയ അവശ്യ ഗാർഹികേതര മേഖലകൾക്കും പാചകവാതക ലഭ്യതയിൽ മുൻഗണന നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ്. മറ്റ് ഗാർഹികേതര മേഖലകളിൽ നിന്നുള്ള അഭ്യർത്ഥനകൾ എണ്ണ കമ്പനികളുടെ എക്സിക്യൂട്ടീവ് ഡയറക്ടർമാരുടെ കമ്മിറ്റി അവലോകനം ചെയ്യുമെന്നും

യോഗ്യതയുടെ അടിസ്ഥാനത്തിൽ മുൻഗണന നൽകുമെന്നും ഐ.ഒ.സി. അറിയിച്ചു.

## SC-UCC

രാജ്യത്ത് ഏകീകൃത സിവിൽ കോഡിനുള്ള സമയം ആഗതമായിരിക്കുകയാണെന്ന് സുപ്രീംകോടതി. 1937 ലെ ശരിയത്ത് നിയമത്തിലെ ചില വ്യവസ്ഥകൾ മുസ്ലിം സ്ത്രീകൾക്ക് നേരെയുള്ള വിവേചനമാണെന്ന് ചൂണ്ടിക്കാട്ടി അവ നീക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജിയിലാണ് കോടതിയുടെ നിരീക്ഷണം. ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അധ്യക്ഷനായ ബെഞ്ചാണ് ഹർജി പരിഗണിച്ചത്. ശരിയത്ത് നിയമം കോടതി നീക്കം ചെയ്താൽ മുസ്ലിം പാരമ്പര്യാവകാശത്തെ നിയന്ത്രിക്കുന്ന മറ്റൊരു നിയമം നിലവിലില്ലാത്തതിനാൽ നിയമ ശൂന്യത സൃഷ്ടിക്കുമെന്നും പരമോന്നത കോടതി നിരീക്ഷിച്ചു.

## SC-WB SIR

പശ്ചിമ ബംഗാളിൽ തീവ്ര വോട്ടർ പട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തികളിൽ ഏർപ്പെട്ടിരിക്കുന്ന ജുഡീഷ്യൽ ഓഫീസർമാർക്ക് പൂർണ്ണ പിന്തുണ നൽകണമെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷനും സംസ്ഥാന സർക്കാരിനും നിർദേശം നൽകി സുപ്രീം കോടതി. അപ്പീലുകൾ കൈകാര്യം ചെയ്യാൻ മുൻ ചീഫ് ജസ്റ്റിസുമാരെയും ഹൈക്കോടതി ജഡ്ജിമാരേയും ഉൾപ്പെടുത്തി ഹൈക്കോടതിക്ക് ബെഞ്ച്

രൂപീകരിക്കാമെന്ന് കോടതി നിർദേശിച്ചു. പോർട്ടലിലെ സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കാനും ജുഡീഷ്യൽ ഓഫീസർമാർക്ക് പുതിയ ലോഗിൻ ഐഡികൾ ഉടനടി നൽകാനും തിരഞ്ഞെടുപ്പ് കമ്മീഷനോട് ചീഫ് ജസ്റ്റിസ് അധ്യക്ഷനായ മൂന്നംഗ ബെഞ്ച് ആവശ്യപ്പെട്ടു.

❁❁❁❁❁❁❁❁❁❁❁❁❁

**CEC : WEST BENGAL (INTRO)**

പശ്ചിമ ബംഗാൾ നിയമസഭാ തിരഞ്ഞെടുപ്പിൽ വോട്ടർമാരെ ഭീഷണിപ്പെടുത്തുന്നതും അക്രമം അഴിച്ചുവിടുന്നതും ഒരുതരത്തിലും അനുവദിക്കില്ലെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ. കൊൽക്കത്തയിൽ തിരഞ്ഞെടുപ്പ് ഒരുക്കങ്ങൾ വിലയിരുത്തിയ ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. അക്രമരഹിതവും ഭയരഹിതവുമായ അന്തരീക്ഷത്തിൽ എല്ലാ വോട്ടർമാർക്കും സമ്മതിദാന അവകാശം വിനിയോഗിക്കാൻ സാധിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുമെന്ന് ശ്രീ ഗ്യാനേഷ് കുമാർ പറഞ്ഞു.

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

**KERALA SIR**

കേരളത്തിൽ ഈ വർഷം ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായിട്ടും, തീവ്ര വോട്ടർ പട്ടിക പരിഷ്കരണ സമയത്ത് പേരു ചേർക്കാൻ സാധിക്കാത്തവർക്ക് പട്ടികയിൽ പേരു

ചേർക്കാൻ അവസരം. voters.eci.gov.in എന്ന വെബ്സൈറ്റിലൂടേയോ, ECINET മൊബൈൽ ആപ്ലിക്കേഷൻ വഴിയോ, ബൂത്തുതല ഓഫീസർ വഴിയോ അപേക്ഷിക്കാം. നാമനിർദ്ദേശപത്രിക സമർപ്പിക്കാനുള്ള അവസാന തീയതി വരെയാണ് പേര് ചേർക്കാൻ അവസരം.

## STATE CABINET

അതിദാരിദ്ര്യ നിർമ്മാർജനാനന്തര പദ്ധതിയുടെ വിശദ മാർഗ്ഗരേഖയ്ക്ക് സംസ്ഥാന മന്ത്രിസഭായോഗം അംഗീകാരം നൽകി. സംസ്ഥാനത്തെ മയക്കുമരുന്ന് കുറ്റകൃത്യങ്ങൾ തടയുന്നതിനും അന്വേഷിക്കുന്നതിനും എക്സൈസ് വകുപ്പിന് കീഴിൽ, കേരള സ്റ്റേറ്റ് നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ രൂപീകരിക്കാനും തീരുമാനിച്ചു. പെന്തക്കോസ്ത് സഭകളെ ക്രൈസ്തവ സഭാ വിഭാഗമായി അംഗീകരിക്കുവാൻ തത്വത്തിൽ തീരുമാനിച്ചു.

## HEATWAVE-KERALA

കേരളത്തിൽ ഉഷ്ണകാല പ്രതിരോധ പ്രവർത്തനങ്ങൾക്ക് ജില്ലാ കലക്ടർമാർക്ക് ഒരു കോടി രൂപ അനുവദിക്കാൻ മുഖ്യമന്ത്രി പിണറായി വിജയൻറെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചു. വേനൽക്കാല ദുരന്ത ലഘൂകരണവുമായി ബന്ധപ്പെട്ടായിരുന്നു യോഗം. വരൾച്ച, കുടിവെള്ളക്ഷാമം, വന്യജീവി ആക്രമണം, ഇടിമിന്നൽ, ചൂട്മൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ, തീപിടുത്തങ്ങൾ എന്നീ കാര്യങ്ങളിൽ അതീവ ശ്രദ്ധവേണമെന്ന് യോഗം നിർദേശിച്ചു.

## VIKASIT BHARATH

2026-ലെ കേന്ദ്ര ബഡ്ജറ്റിനെ ആസ്പദമാക്കി തിരുവനന്തപുരത്ത് സംഘടിപ്പിച്ച വികസിത ഭാരത്, സ്റ്റേറ്റ് ലെവൽ യൂത്ത് പാർലമെന്റ്, യുവജനതക്ക് വികസിത ഭാരതം സംബന്ധിച്ച കാഴ്ചപ്പാട് രൂപപ്പെടുത്താനുള്ള വേദിയായി. വിവിധ ജില്ലകളിൽ നിന്നായി 54 ഓളം യുവാക്കളാണ് പരിപാടിയിൽ പങ്കെടുത്തത്. കേരള സർവകലാശാല വൈസ് ചാൻസലർ മോഹനൻ കുന്നുമ്മൽ പരിപാടി ഉദ്ഘാടനം ചെയ്തു.

## BCCI-AWARD

ടി-20 പുരുഷ ലോകകപ്പ് ജേതാക്കളായ ഇന്ത്യൻ ടീമിന് 131 കോടി രൂപ പാരിതോഷികം പ്രഖ്യാപിച്ച് ബിസിസിഐ. 15 താരങ്ങൾക്കും പരിശീലകർക്കും മറ്റ് സ്റ്റാഫുകൾക്കുമായി തുക പങ്കു വെച്ച് നൽകുമെന്ന് ബിസിസിഐ സെക്രട്ടറി അറിയിച്ചു. സ്റ്റാഫുകൾക്കുള്ള തുക പിന്നീട് തീരുമാനിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

## SWISS- OPEN BADMINTON

സ്വിസ് ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റിന് സ്വിറ്റ്സർലൻഡിലെ ബാസലിൽ തുടക്കമായി . ഇന്ത്യൻ താരങ്ങളായ കിഡംബി ശ്രീകാന്തും ഉന്നതി ഹൂഡയും, മാളവിക ബൻസോദും മത്സരത്തിനിറങ്ങും. പുരുഷ ഡബിൾസിൽ സാത്വിക്സായ് രാജ് രങ്കിറെഡ്ഡി-ചിരാഗ്

ഷെട്ടി സഖ്യവും വനിതാ ഡബിൾസിൽ ട്രീസ ജോളി - ഗായത്രി ഗോപിചന്ദ് സഖ്യവും മത്സരിക്കും. ഒളിമ്പിക് മെഡൽ ജേതാവ് പി.വി. സിന്ധു ഇത്തവണ ടൂർണമെന്റിൽ പങ്കെടുക്കില്ല.

## GOYAL AAHAR FAIR

ഭക്ഷ്യമേഖലയിലെ ഏഷ്യയിലെ ഏറ്റവും വലിയ മേളകളിലൊന്നായ 'ആഹാർ' രാജ്യാന്തര മേളയുടെ 40-ാമത് പതിപ്പിന് ന്യൂഡൽഹിയിൽ തുടക്കമായി. കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ മേള ഉദ്ഘാടനം ചെയ്തു. ഇന്ത്യ വ്യാപാര പ്രോത്സാഹന സംഘടനയും ഭക്ഷ്യ സംസ്കരണ മന്ത്രാലയവും സംയുക്തമായാണ് ഈ മാസം 14 വരെ മേള സംഘടിപ്പിക്കുന്നത്. ഇറ്റലിയാണ് മേളയുടെ ഔദ്യോഗിക പങ്കാളി രാജ്യം.

## PANCHAYATI RAJ-CONFERENCE

സശക്ത് പഞ്ചായത്ത്-നേത്രി അഭിയാന്റെ കീഴിൽ പഞ്ചായത്തുകളിലെ തിരഞ്ഞെടുക്കപ്പെട്ട വനിതാ പ്രതിനിധികളുടെ ദേശീയ സമ്മേളനം നാളെ ന്യൂഡൽഹിയിൽ നടക്കും. പഞ്ചായത്ത് രാജ് മന്ത്രാലയം സംഘടിപ്പിക്കുന്ന ഒരു ദിവസത്തെ സമ്മേളനത്തിൽ കേന്ദ്ര പഞ്ചായത്തിരാജ് മന്ത്രി രാജീവ് രഞ്ജൻ സിംഗ് പങ്കെടുക്കും. സംസ്ഥാനങ്ങളിലേയും കേന്ദ്രഭരണ പ്രദേശങ്ങളിലേയും

തിരഞ്ഞെടുത്ത വനിതാ പഞ്ചായത്ത് അംഗങ്ങളെ സമ്മേളനത്തിൽ ആദരിക്കും.

## PIB FACT CHECK – S JAISHANKAR

മുസ്ലീം രാജ്യങ്ങൾ ഇസ്രായേലിനെ ദ്രോഹിക്കുന്നത് ഇന്ത്യ സഹിക്കില്ലെന്ന് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ പറഞ്ഞതായി സമൂഹ മാധ്യമത്തിൽ പ്രചരിക്കുന്ന വീഡിയോ വ്യാജമാണെന്ന് കേന്ദ്ര സർക്കാർ. ഇന്ത്യയുടെ അഭ്യർത്ഥനപ്രകാരം ഇസ്രായേൽ അടുത്തിടെ താലിബാന്

3 ബില്യൺ ഡോളർ അനുവദിച്ചുവെന്നും വീഡിയോയിൽ പറയുന്നുണ്ട്. ഇത് എഐ നിർമിത വ്യാജ വീഡിയോ ആണെന്ന് പി.ഐ.ബി അറിയിച്ചു.

## SITHARAMAN–NDB PREZ

കേന്ദ്രധനമന്ത്രി നിർമ്മല സീതാരാമൻ ഇന്ന് ന്യൂഡൽഹിയിൽ എൻഡിബി പ്രസിഡൻറ് ദിൽമ റൂസെഫുമായി കൂടിക്കാഴ്ച നടത്തി. സ്വകാര്യ മൂലധനം സമാഹരിക്കുന്നതിന് ഇന്ത്യയുടെ സ്വകാര്യ മേഖലയും എൻഡിബിയും തമ്മിലുള്ള ബന്ധം വികസിപ്പിക്കുന്നത് സംബന്ധിച്ച് ഇരുവരും ചർച്ച ചെയ്തു. വികസിത ഭാരതം എന്ന സ്വപ്നത്തിന് ഊർജം പകരുന്ന ഗതാഗത സംവിധാനം, ആരോഗ്യ സംരക്ഷണം തുടങ്ങിയ മേഖലകളെ പിന്തുണയ്ക്കാൻ താൽപര്യപ്പെടുന്നതായി ദിൽമ റൂസെഫ് പറഞ്ഞു.

## INDIA MOZAMBIQUE

പ്രളയക്കെടുതിയിൽ വലയുന്ന മൊസാംബിക്കിലെ ജനങ്ങൾക്ക് അടിയന്തര സഹായവുമായി ഇന്ത്യ. 500 മെട്രിക് ടൺ അരിയും 86 മെട്രിക് ടൺ ജീവൻരക്ഷാ മരുന്നുകളും 10 മെട്രിക് ടൺ അവശ്യസാധനങ്ങളും നാവിക സേന മൊസാംബിക്കിലെത്തിച്ചു.

## TRUMP- IRAN

ഹോർമുസ് കടലിടുക്ക് വഴിയുള്ള എണ്ണ കയറ്റുമതി തടയാൻ ശ്രമിച്ചാൽ ഇറാനെതിരെ സൈനിക നടപടി ശക്തമാക്കുമെന്ന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. സംഘർഷം പ്രതീക്ഷിച്ചതിലും വേഗത്തിൽ അവസാനിക്കുമെന്നും യുഎസ് പ്രസിഡന്റ് വാർത്താ സമ്മേളനത്തിൽ അറിയിച്ചു. അമേരിക്കൻ സൈന്യം ഇറാന്റെ വ്യോമ- നാവികസേനകൾക്ക് ഗുരുതരമായ നാശനഷ്ടങ്ങൾ വരുത്തിയതായും ട്രംപ് അറിയിച്ചു.

## UNHRC-PAKISTAN

പാകിസ്ഥാനിലെ ന്യൂനപക്ഷങ്ങൾ നേരിടുന്ന മനുഷ്യാവകാശ ലംഘനങ്ങളും പീഡനങ്ങളും തുറന്നുകാട്ടി ജനീവയിൽ ത്രിദിന ഫോട്ടോ പ്രദർശനം സംഘടിപ്പിച്ചു. ഐക്യരാഷ്ട്രസഭയുടെ മനുഷ്യാവകാശ കൗൺസിലിൻറെ 61-ാം സമ്മേളനത്തോടനുബന്ധിച്ച് ഗ്ലോബൽ ഹ്യൂമൻ റൈറ്റ്സ് ഡിഫൻസ് ആണ് പ്രദർശനം

ഒരുക്കിയത്. ബലൂചിസ്ഥാനിലെ അടിച്ചമർത്തൽ, നിർബന്ധിത മതപരിവർത്തനം, ഭീകരവാദത്തിനുള്ള പിന്തുണ എന്നിവ പ്രദർശനത്തിന്റെ ഭാഗമായി.

## SENSEX +GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 640 പോയിന്റ് ഉയർന്ന് 78,206ലും നിഫ്റ്റി 234 പോയിന്റ് നേട്ടത്തിൽ 24,262 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണവില കൂടി. പവന് 520 രൂപ വർധിച്ച് ഒരു ലക്ഷത്തി 19,080 രൂപയും ഗ്രാമിന് 14,885 രൂപയുമാണ് ഇന്നത്തെ വില.

## NCERT BOOK WITHDRAWN

ജുഡീഷ്യറിയിലെ അഴിമതിയെക്കുറിച്ച് പ്രതിപാദിക്കുന്ന അധ്യായം ഉൾപ്പെടുത്തിയ എട്ടാം ക്ലാസ് സാമൂഹിക പാഠ പുസ്തകം പിൻവലിച്ച് എൻസിഇആർടി. പുസ്തകം പൂർണമായും, പിൻവലിക്കുന്നതായും സംഭവത്തിൽ മാപ്പ് അപേക്ഷിക്കുന്നതായും എൻസിഇആർടി അറിയിച്ചു. പ്രസ്തുത പാഠപുസ്തകത്തിന് നിരോധനം ഏർപ്പെടുത്തി സുപ്രീംകോടതി രണ്ടാഴ്ച മുൻപ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.